**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഇത്തിക്കര നദിയ്ക്കു കുറുകെ നെടുമങ്കാവ് പാലം പുനർനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ എക്സസ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത് (ഡി)വകുപ്പ്**

സ.ഉ.(കൈ) നം.4/2025/PWD തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-
1. 16.05.2023 തീയതിയിലെ സഉ (സാധാ)നം.1146/2023/പൊമവ.
2. 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/പൊമവ
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 24.09.2024 തീയതിയിലെ CEPWD-KLM/80/2022-AB3-BR നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഇത്തിക്കര നദിയ്ക്കു കുറുകെ നെടുമങ്കാവ് പാലം പുനർനിർമ്മാണ പ്രവൃത്തിയ്ക്കായി പരാമർശം (1) പ്രകാരം 4,34,00,000/-രൂപയുടെ ഭരണാനുമതി നൽകിയിയിരുന്നു.

(2) കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഇത്തിക്കര നദിയ്ക്കു കുറുകെ നെടുമങ്കാവ് പാലം പുനർനിർമ്മാണ പ്രവൃത്തിയ്ക്കായി 3,57,84,633/- രൂപ എസ്റ്റിമേറ്റ് പി എ സി കണക്കാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയർ,സൗത്ത് സർക്കിൾ,ആലപ്പുഴ ആറ് തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും അഞ്ച് ടെണ്ടറിലും ആരും പങ്കെടുത്തില്ല. 6-ാമത്തെ ടെണ്ടറിൽ ശ്രീ. കിഷോർ എ. എന്ന ഒരു സിംഗിൾ ബിഡ്ഡർ 4,54,16,878/-രൂപ ക്വാട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ആറ് തവണ ടെൻഡർ ചെയ്തതിനാലും, സൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റ് റീവർക്ക് ചെയ്യുന്നതിന് സാധ്യതയില്ലെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ശ്രീ. കിഷോർ എ, എന്ന ബിഡ്ഡർ ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് പി. എ. സി. തുകയേക്കാളും 26.92% വർദ്ധനവുള്ളതുമായ തുകയായ 4,54,16,878/-രൂപയ്ക്കുള്ള (നാല് കോടി അമ്പത്തി നാല് ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) ടെണ്ടറിന് പരാമർശം (2) പ്രകാരമുള്ള നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണെമന്നും പരാമർശം (3) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

| | |
|---|---|
| Estimate PAC | Rs 3,57,84,633/- |
| LMR PAC | Rs. 4,41,72,893 /- |
| DSOR 2018+10% tolerance limit | Rs.3,93,85,918 /- |
| | Rs. 4,54,16,878/- |

| Quoted Amount | |
|---|---|

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഇത്തിക്കര നദിയ്ക്കു കുറുകെ നെടുമങ്കാവ് പാലം പുനർനിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ആറാമത്തെ ടെണ്ടറിൽ ശ്രീ. കിഷോർ എന്ന ബിഡ്ഡർ ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് പി. എ. സി. തുകയേക്കാളും 26.92% ഉം, DSOR 2018+10% തുകയെക്കാൾ 15.31% ഉം, LMR തുകയെക്കാൾ 2.82% ഉം വർദ്ധനവുള്ളതുമായ 4,54,16,878/- (നാല് കോടി അമ്പത്തി നാല് ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) രൂപയുടെ ടെണ്ടറിന് നിലവിലുള്ള മാനദണ്ഡമായ Quoted rate /LMR or DSOR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം
പൊതുഭരണ എസ്.സി വകുപ്പ് ( ഐറ്റം നമ്പർ 2633 പ്രകാരം)
ധനകാര്യവകുപ്പ് (No.I&PW-B1/284/2024-Fin (E 2943377)
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി
കരുതൽ ഫയൽ(D1/390/2024-PWD)

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 25-01-2025 14:10:12
സെക്ഷൻ ഓഫീസർ

പകർപ്പ്-പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി എസ്-ന്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്